ഉത്തരം

(എ) 22-12-2000-ലെ സർക്കാർ ഉത്തരവ് (എംഎസ്)നം.387/2000/ആർ.സി. പ്രകാരം പൊന്നും വിലയ്ക്കെടുത്ത സ്ഥലം അർത്ഥനാധികാരിയ്ക്ക് ആവശ്യമില്ലാതെ വരികയാണെങ്കിൽ അതാത് ജില്ലാകളക്ടർമാരുടെ ശ്രദ്ധയിൽപ്പെടുത്തി സ്ഥലം റവന്യൂ വകുപ്പിൽ തിരിച്ചേൽപ്പിക്കേണ്ടതാണ്. പ്രസ്തുത ഭൂമി മറ്റ് സർക്കാർ വകുപ്പുകൾക്കോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ ആവശ്യമില്ലെങ്കിൽ റവന്യൂ റിക്കവറി നിയമത്തിലെ നടപടി ക്രമമനുസരിച്ച് പരസ്യമായി ലേലം ചെയ്ത് വില്പന നടത്താനേ വ്യവസ്ഥയുള്ളൂ. എന്നാൽ നെടുമ്പാശ്ശേരി വിമാനത്താവള അതോറിറ്റി ഇപ്രകാരം സ്ഥലം റവന്യൂ വകുപ്പിനെ തിരിച്ചേൽപ്പിച്ചിട്ടില്ല.

(ബി-ഇ) ഇക്കാര്യത്തിൽ നെടുമ്പാശ്ശേരി അന്തർദ്ദേശീയ വിമാനത്താവള റോഡ് ഭൂവുടമാസമിതിയുടെ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇത് എറണാകുളം ജില്ലാകളക്ടറുമായി ബന്ധപ്പെട്ട് പരിശോധിച്ചു വരുന്നു.

കാലാവധി കഴിഞ്ഞ നദീജലകരാറുകൾ പുതുക്കാൻ നടപടി

89 (3043) ശ്രീ. ബിനോയ് വിശ്വം :

ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള നദീജലകരാറുകൾ എത്ര ; അവ ഏതെല്ലാം ;

(ബി) ഇതിൽ കാലാവധി കഴിഞ്ഞ കരാറുകൾ എത്രയെണ്ണം ; ഏതെല്ലാം ;

(സി) കാലാവധി കഴിഞ്ഞ നദീജല കരാറുകൾ യഥാസമയം പുതുക്കാൻ കഴിയാത്തതിന്റെ കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ കരാറുകൾ പുതുക്കുന്നതിന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കേരളവും തമിഴ്നാടും തമ്മിലുള്ള മൂന്നു നദീജലകരാറുകളാണ് നിലവിലുള്ളത്.

1. 1886-ൽ നിലവിൽ വന്ന പെരിയാർ പാട്ടക്കരാർ.
2. 1958 മുതൽ മുൻകാല പ്രാബല്യമുള്ള, 1970-ൽ ഒപ്പ് വച്ച പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാർ.
3. 1973-ൽ നിലവിൽ വന്ന ശിരുവാണി കുടിവെള്ള പദ്ധതികരാർ. ഇവയാണ് പ്രസ്തുത കരാറുകൾ.

(ബി) കരാറുകളുടെയൊന്നും കാലാവധി കഴിഞ്ഞിട്ടില്ല.

(സി) നിലവിലുള്ള നദീജലകരാറുകളുടെയൊന്നും കാലാവധി കഴിഞ്ഞിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly